പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം :520 27.02. 2018 ൽ മറുപടിക്ക്

## വൈദ്യുതിയ്ക്ക് അധിക ഉപയോഗ ചാർജ്

ചോദ്യം

ശ്രീ.ബി.ഡി.ദേവസ്സി

ഉത്തരം

ശ്രീ.എം.എം.മണി

(വൈദ്യുതി വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) അതിരപ്പിള്ളി പഞ്ചായത്തിലെ, പട്ടികജാതി-പട്ടികവർഗ്ഗ-പിന്നോക്ക മേഖലയിൽപ്പെട്ട പാവപ്പെട്ട ജനങ്ങളുടെ ജലനിധി കുടിവെള്ള പദ്ധതികളായ നർമ്മദ, പാലരുവി, ചിക്ലായി കുടിവെള്ള പദ്ധതികളിലെ വൈദ്യുതി അധിക ഉപയോഗ ചാർജായി വലിയസംഖ്യ ഈടാക്കുവാൻ നടപടി സ്വീകരിച്ചിട്ടുള്ളത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (എ) ഉണ്ട് |
| (ബി) കൃത്യമായി മാസ വൈദ്യുതി ചാർജ് അടച്ചു വരുന്ന പ്രസ്തുത കുടിവെള്ള പദ്ധതികളുടെ വൈദ്യുതി കുടിശ്ശിക ഒഴിവാക്കുന്നതിനും, വൈദ്യുതി തുടർന്നും ലഭിക്കുന്നതിനുമായി സമർപ്പിച്ചിട്ടുള്ള അപേക്ഷകളിൽ അടിയന്തര നടപടി സ്വീകരിക്കുമോ? | (ബി) ചാലക്കുടി മണ്ഡലത്തിലെ അതിരപ്പിള്ളി ഗ്രാമ പഞ്ചായത്തിലെ ജലനിധി പദ്ധതികളിൽ ഗാർഹികേതരാവശ്യങ്ങൾക്കായി കുടിവെള്ളമുപയോഗിക്കുന്നതായി കണ്ടെത്തിയതിനാൽ തേനരുവി - നർമ്മദ പദ്ധതിക്ക് 4,97,950/- രൂപയുടെയും ചിക്ലായി പദ്ധതിക്ക് 6,92,125/- രൂപയുടെയും അധിക ബിൽ നല്കിയിരുന്നു. ബഹുമാനപ്പെട്ട കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റഗുലേറ്ററി കമ്മീഷന്റെ നിർദ്ദേശപ്രകാരം പ്രസ്തുത ബില്ലുകൾ രണ്ടു വർഷത്തേക്കായി നിജപ്പെടുത്തി തേനരുവി - നർമ്മദ പദ്ധതിക്ക് 1,98,710/- രൂപയായും ചിക്ലായി പദ്ധതിക്ക് 2,43,272/- രൂപയായും കുറവ് ചെയ്ത് നല്കിയിട്ടുണ്ട്.<br>തേനരുവി-നർമ്മദ ജലനിധി അതിരപ്പിള്ളി, ചിക്ലായി ജലനിധി അതിരപ്പിള്ളി സെക്രട്ടറിയുടെ അധിക ബിൽ ഒഴിവാക്കുന്നതിനായുള്ള അപേക്ഷ ലഭിച്ചതിനെ തുടർന്ന് ബോർഡിന്റെ നിർദ്ദേശപ്രകാരം ഇരിഞ്ഞാലക്കുട ഇലക്ട്രിക്കൽ സർക്കിൾ ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ ഹീയറിംഗ് നടത്തി റിപ്പോർട്ട് നല്കിയിരുന്നു. ഗാർഹികാവശ്യത്തിന് മാത്രം വെള്ളം |

| | |
|---|---|
| | ഉപയോഗിക്കുന്ന കുടിവെള്ള പദ്ധതികളെ ഗാർഹിക താരിഫിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ഒരു മാസത്തെ മൊത്തം ഉപഭോഗത്തെ പ്രസ്തുത പദ്ധതിയുടെ ഉപഭോക്താക്കളുടെ സംഖ്യകൊണ്ട് ഹരിച്ച് കിട്ടുന്ന ശരാശരി ഉപഭോഗത്തിന്റെ സ്ലാബിൽ വൈദ്യുതി ചാർജ്ജ് നിർണ്ണയിച്ച് അതിനെ ഉപഭോക്താക്കളുടെ സംഖ്യകൊണ്ട് ഗുണിച്ചാണ് പ്രസ്തുത പദ്ധതിയുടെ വൈദ്യുതി ചാർജ്ജ് കണക്കാക്കുന്നത്. പ്രസ്തുത വിഷയം ബോർഡ് വിശദമായി പരിശോധിക്കുകയുണ്ടായി. ഗാർഹികേതരാവശ്യങ്ങൾക്കായി കുടിവെള്ളമുപയോഗിച്ചതിനാലാണ് പ്രസ്തുത ബില്ലുകൾ നൽകിയത്.<br><br>പ്രസ്തുത കുടിവെള്ള പദ്ധതികളുടെ സർവ്വീസ് കണക്ഷനുകൾ വിച്ഛേദിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ